കേരള സർക്കാർ

## റവന്യൂ (എച്ച്) വകുപ്പ്

# സർക്കുലർ

നമ്പർ 55269/എച്ച്3/12/റവ. *തീയതി, തിരുവനന്തപുരം, 2012 നവംബർ 30.*

*വിഷയം:*—റവന്യൂ വകുപ്പ് — വകുപ്പുതലത്തിലുള്ള എല്ലാ നടപടി ക്രമങ്ങളും പൂർത്തിയാക്കിയശേഷം മാത്രമേ ആർ. ആർ. നടപടിക്കായി അർത്ഥനാപത്രം അയയ്ക്കാൻ പാടുള്ളൂ — നിർദ്ദേശം — സംബന്ധിച്ച്.

*സൂചന:*—ലാന്റ് റവന്യൂ കമ്മീഷണറുടെ 4-9-2012-ലെ എൽ.ആർ.ബി. 2-7127/12 നമ്പർ കത്ത്.

വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന അർത്ഥനാപത്രങ്ങളുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ, തഹസിൽദാർ, വില്ലേജ് ഓഫീസർ എന്നീ തലങ്ങളിൽ തുക വസൂലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചതിനു ശേഷം അർത്ഥനാധികാരികൾ തന്നെ ആർ. ആർ. നടപടികൾ നിർത്തിവയ്ക്കാൻ ആവശ്യപ്പെടുകയും കുടിശ്ശികക്കാരനിൽനിന്നും ഒരു നിശ്ചിത തുക ഈടാക്കിയശേഷം കുടിശ്ശികയൊന്നും ഈടാക്കാനില്ല എന്ന് റവന്യൂ അധികാരികളെ അറിയിക്കുകയും ചെയ്യുന്നതായി ലാന്റ് റവന്യൂ കമ്മീഷണർ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരിക്കുന്നു.

വളരെ ഉയർന്ന തുകയ്ക്കുള്ള അർത്ഥനാപത്രങ്ങൾ ലഭിച്ചിട്ടുള്ള നിരവധി കേസുകളിൽ ഇത്തരത്തിലുള്ള നടപടികൾ മറ്റ് വകുപ്പുകളിൽനിന്നും ഉണ്ടായിട്ടുണ്ട്. തന്മൂലം റവന്യൂ വകുപ്പിന്റെ വിലപ്പെട്ട സമയം

യാതൊരു പ്രയോജനവുമില്ലാതെ നഷ്ടപ്പെടുന്ന അവസ്ഥയാണുള്ളത്. ഈ സാഹചര്യത്തിൽ വകുപ്പുതലത്തിലുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കിയശേഷം മാത്രമേ ആർ. ആർ. നടപടിക്കായി അർത്ഥനാപത്രം അയയ്ക്കാൻ പാടുള്ളൂ എന്ന് എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകുന്നു.

**റ്റി. ഒ. സൂരജ്,**
*സെക്രട്ടറി,*
*റവന്യൂ വകുപ്പ്.*

1. ലാൻറ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
2. എല്ലാ ജില്ലാ കളക്ടർമാർക്കും
3. കൊമേഴ്സ്യൽ ടാക്സസ് കമ്മീഷണർ, തിരുവനന്തപുരം.
4. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.
5. സിവിൽ സപ്ളൈസ് കമ്മീഷണർ, തിരുവനന്തപുരം.
6. ട്രാൻസ്പോർട്ട് കമ്മീഷണർ, തിരുവനന്തപുരം.
7. റവന്യൂ (എസ്) വകുപ്പ്
8. റവന്യൂ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
9. സെക്രട്ടറിയുടെ പി. എ. യ്ക്ക്
10. സ്റ്റോക്ക് ഫയൽ
11. ഓഫീസ് കോപ്പി